(എ) സംസ്ഥാനത്ത് സൗഭാഗ്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള ദുർബല വിഭാഗക്കാർക്ക് 4% പലിശയും 2 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ളവർക്ക് 6.5% പലിശയും പലിശ സബ്സിഡി നൽകി ഭവന വായ്പാ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സൗഭാഗ്യ ഭവന പദ്ധതി.

(സി) 2015-16 ബഡ്ജറ്റിൽ 10 കോടി രൂപ പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. പദ്ധതിയ്ക്കുള്ള വായ്പ സമാഹരിക്കുന്നതിനായി ഹഡ്കോയെ സമീപിച്ചെങ്കിലും വായ്പ അനുവദിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്ന് ഹഡ്കോ അറിയിച്ചിട്ടുള്ളതിനാൽ ദേശസാൽകൃത ബാങ്കുകളിൽനിന്നും വായ്പ സമാഹരണം നടത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

കാസർകോട് ജില്ലയിലെ ഒറ്റനമ്പർ ലോട്ടറി

76 (5881) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഒറ്റനമ്പർ ലോട്ടറി വ്യാപകമാവുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെതിരെ ജില്ലയിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പറയാമോ ;

(സി) എത്ര കേസ്സുകൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ നീലേശ്വരം, കാഞ്ഞങ്ങാട്, കാസർഗോഡ് എന്നീ സ്ഥലങ്ങളെ കേന്ദ്രമാക്കി ഒറ്റ നമ്പർ ലോട്ടറി ചൂതാട്ടം വ്യാപകമായി നടക്കുകയും അതിനെതിരെ കേസ് രജിസ്റ്റർചെയ്ത് കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഒറ്റ നമ്പർ ലോട്ടറി ചൂതാട്ടത്തിനെതിരെ 16 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കുറ്റപത്രം സമർപ്പിച്ചിട്ടുള്ള കേസുകളുടെ വിവരം :

ഒറ്റ നമ്പർ ലോട്ടറി ചൂതാട്ടം - 16

ടിക്കറ്റ് നമ്പറിൽ കൃത്രിമം കാട്ടിയത് - 1

അനധികൃത ലോട്ടറി വിൽപ്പന - 2

സർക്കാർ വാദിയായുള്ള കേസുകൾ തീർപ്പാക്കുന്നതിനുള്ള പദ്ധതി

77 (5882) ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വാദിയായുള്ള കേസുകൾ തീർക്കുന്നതിനും അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

ഉത്തരം

(എ) സർക്കാർ വാദിയായുള്ള കേസുകൾ തീർക്കുന്നതിനും അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനുമായി 3-12-2011 തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 12/2011/നിയമം പ്രകാരം സംസ്ഥാന വ്യവഹാരനയം രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന വ്യവഹാരനയത്തിന്റെ പ്രധാന ലക്ഷ്യം സംസ്ഥാന സർക്കാരിനെ കൂടുതൽ കാര്യക്ഷമവും ഉത്തരവാദിത്വവുമുള്ള വ്യവഹാരിയാക്കി മാറ്റുകയും സർക്കാർ കക്ഷിയായുള്ള കേസുകൾ തീർപ്പാക്കുന്നതിനുള്ള ശരാശരി കാലാവധി പതിനഞ്ച് വർഷത്തിൽ നിന്നും മൂന്ന് വർഷമായി കുറയ്ക്കുക എന്നതുമാണ്. കൂടാതെ കേസുകളുടെ നടത്തിപ്പ് ഏകോപിതമായും സമയബന്ധിതമായും പൂർത്തിയാക്കുകയും ശരിയായ കേസുകൾ ഫലപ്രദമായി നടത്തുകയും അനാവശ്യ വ്യവഹാരങ്ങൾ പ്രോത്സാഹിപ്പിക്കാതിരിക്കുകയുംവഴി സംസ്ഥാന ഖജനാവിന് കേസ് നടത്തിപ്പിൽ വരുന്ന ഭീമമായ ചെലവ് ലഘൂകരിക്കുകയും ചെയ്യുക എന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly